# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.383

### 26-04-2017 ൽ മറുപടിക്ക്

**കിഫ്ബി മുഖേനയുള്ള പദ്ധതികൾ**

| ചോദ്യം<br>ശ്രീ. മുല്ലക്കര രത്നാകരൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് കിഫ്ബി മുഖേന എത്ര പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | 2016-17 ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ച പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡി.പി.ആർ) കിഫ്ബിക്കു സമർപ്പിക്കുകയും അവയുടെ വിശദമായ പരിശോധനയ്ക്കു ശേഷം 07.11.2016 ൽ കൂടിയ കിഫ് ബോർഡിന്റെ 27 ാമത് ബോർഡ് യോഗം 4004.86 കോടി രൂപ മുതൽ മുടക്കുള്ള 48 പദ്ധതികൾക്ക് അംഗീകാരം നൽകി. തുടർന്ന് 21.03.2017 ൽ കൂടിയ കിഫ് ബോർഡിന്റെ 28- ാമത് ബോർഡ് യോഗം 8041.65 കോടി രൂപ മുതൽമുടക്കുള്ള 53 പദ്ധതികൾക്ക് നിബന്ധനകൾക്ക് വിധേയമായും അംഗീകാരം നൽകി. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) പ്രസ്തുത പദ്ധതികൾക്കായി എത്ര തുക ലഭ്യമാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | കിഫ്ബി ഡയറക്ടർ ബോർഡ് അംഗീകരിച്ച പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസികൾ (SPV) പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾ |

| | |
|---|---|
| | ഓൺ ലൈനായി കിഫ്ബിക്ക് സമർപ്പിക്കേണ്ടതുണ്ട്. ഈ സംവിധാനമനുസരിച്ച് പ്രോജക്ട് നിർവ്വഹണ ചെലവുകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഘട്ടങ്ങളിൽ നേരിട്ട് സപ്ലയർ, കോൺട്രാക്ടർ, സേവന ദാതാവ് മുതലായവരുടെ നിശ്ചിത ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കാനുള്ള ഡയറക്ട് പേയ്മെന്റ് സംവിധാനം കിഫ്ബിയിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. നൂതന സംവിധാനമനുസരിച്ചുള്ള നടപടിക്രമങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് കിഫ്ബി ധനസഹായം നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**